**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2505** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി. യു. കെ. സി.) റോഡ് നവീകരണത്തിനായി ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള ഭാഗത്ത് എത്രകോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി ചൊവ്വ റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റിയാടി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10.07.2017 തീയതിയിലെ G.O (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉള്ളിയേരി മുതൽ കുറ്റിയാടി വരെ എൽ.എ വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതാണ്. പ്രവൃത്തിയുടെ സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 03.04.2024, 05.06.2024, 16.07.2024 തീയതികളിൽ എൽ. എ. സ്പെഷ്യൽ തഹസിൽദാർ കൊയിലാണ്ടിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കെ.ആർ.എഫ്.ബി-പിഎം.യു. കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ പേരാമ്പ്ര ടൗൺ ഒഴിവാക്കി പേരാമ്പ്ര ബൈപാസ്സിൽ കൂടെ കടന്നുപോകുന്ന രീതിയിൽ അലൈൻമെന്റ് feasible ആണെന്ന് 22.06.2024 തീയതിയിൽ കെ ആർ എഫ് ബി യിൽ നിന്നും ഡിസൈൻ വിഭാഗത്തെ അറിയിച്ചിരുന്നു. അതു പ്രകാരം പേരാമ്പ്ര ടൗൺ ഒഴിവാക്കി 160.30 കോടി രൂപയുടെ DPR 18/07/2024 -ൽ കെ ആർ എഫ് ബി കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് 02.08.2024 -ൽ നിരീക്ഷണ കുറിപ്പ് കിഫ്ബിയിൽ നിന്നും കെ ആർ എഫ് ബി ക്കു നൽകിയിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശങ്ങൾ പാലിച്ച് DPR കെ ആർ എഫ് ബി പുനഃ സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ബജറ്റിൽ എത്ര കോടി രൂപയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | ഉള്ളിയേരി മുതൽ കുറ്റിയാടി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10.07.2017 തീയതിയിലെ G.O (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും ചമയങ്ങൾക്കുമായി 23.98 കോടി രൂപയുൾപ്പടെ 160.30 കോടി രൂപയുടെ ഡി.പി.ആർ ആയിരുന്നു കിഫ്ബിയിലേക്ക് കെ ആർ എഫ് ബി സമർപ്പിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ